29th Dec 2021

**സമ്പൂർണ്ണ നിസ്സഹകരണം: ജീവനക്കാർക്കുള്ള നിർദേശങ്ങൾ**

Joint Forum of KGB Unions ആഭിമുഖ്യത്തിൽ നടക്കുന്ന പ്രക്ഷോഭത്തിന്റെ ഭാഗമായി സമ്പൂർണ്ണ നിസ്സഹകരണം പ്രഖ്യാപിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി ജീവനക്കാർ താഴെ പറയും പ്രകാരം തങ്ങളുടെ ജോലി ക്രമീകരിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

1) ആദ്യ പടി എന്ന നിലയിൽ ബാങ്ക് മാനേജ്മെന്റിന്റെ സൗകര്യത്തിന് വേണ്ടിയുള്ള മുഴുവൻ വാട്സ് ആപ്പ് ഗ്രൂപ്പുകളിൽ നിന്നും എത്രയും പെട്ടെന്ന് exit ചെയ്യുക. Exit ചെയ്യുന്നതിന് മുന്നോടിയായി ജോയിന്റ് ഫോറം തീരുമാനിച്ച മെസ്സേജ് പ്രസ്തുത ഗ്രൂപ്പിൽ പോസ്റ്റ് ചെയ്യുകയും വേണം.

2) ഇൻഷുറൻസ് ക്യാമ്പയിൻ ഉൾപ്പെടെയുള്ള മുഴുവൻ third party product ഉം ക്ളസ്റ്റർ ക്രഡിറ്റ് ക്യാമ്പ് തുടങ്ങിയ മുഴുവൻ ക്യാമ്പയിനുകളും ബഹിഷ്കരിക്കണം.

3) pending CKYC മുഴുവൻ നിർത്തി വയ്ക്കണം.

4) 10 മണി മുതൽ 5 മണി വരെ മാത്രമേ ജോലി ചെയ്യേണ്ടതുള്ളൂ.

5) ബാങ്ക് മാനേജ്മെന്റ് (RO/HO) വിളിച്ചു ചേർക്കുന്ന മുഴുവൻ മീറ്റിങ്ങുകളും (ഓൺലൈൻ & ഓഫ്‌ലൈൻ) ബഹിഷ്കരിക്കണം.

6) എല്ലാത്തരം contest കളും log in day ഉം ബഹിഷ്കരിക്കണം.

7) Daily reporting ഉൾപ്പെടെയുള്ള റിപ്പോർട്ടിങ്ങുകൾ ആരും ചെയ്യേണ്ടതില്ല.

8) BC നിയമനം ബഹിഷ്കരിക്കും. ഇതുമായി ബന്ധപ്പെട്ട ഒരു പ്രവർത്തനത്തിലും സഹകരിക്കേണ്ടതില്ല.

9) RO തലത്തിൽ ജോയിന്റ് ഫോറം രൂപീകരിച്ച് പ്രവർത്തനം വിപുലപ്പെടുത്തണം.

10) ഹെഡ് ഓഫിസുകളിലെ വിങ്ങുകളിൽ നിന്നും ചെയർമാന് കൊടുക്കുന്ന monthly work done report തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട യാതൊരു ജോലിയും ചെയ്യേണ്ടതില്ല.

11) സമ്പൂർണ്ണ നിസ്സഹകരണം തുടർന്നു കൊണ്ട് തന്നെ പണിമുടക്ക് സമരം ഉൾപ്പെടെയുള്ള അതിശക്തമായ സമരങ്ങളിലേക്ക് അടുത്ത നാളുകളിൽ തന്നെ രൂപം കൊടുക്കും.

ജോയിന്റ് ഫോറം മുന്നോട്ട് വെക്കുന്ന ഓരോ ആഹ്വാനങ്ങളും പൂർണ അർത്ഥത്തിൽ വിജയിപ്പിക്കാൻ മുഴുവൻ ജീവനക്കാരും സ്വമേധയാ തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

**ജനറൽ സെക്രട്ടറി**
**KGBEU OU**
**KGBSA OC**
**KGBEA OA**
**KGBWO OO**